30 March 2025
شَوَّال ١
١٤٤٦

RSK INSIGHT Family Magazine

Issue #5 30/03/2025 Page 01/03 rskinsight@gmail.com



ഈദ് സന്ദേശം

Said Mohammed

നീണ്ട ഒരു മാസത്തെ വ്രതാനുഷ്ഠാനത്തിനു ശേഷം വിശ്വാസികളായ നാം ഈദുൽ ഫിത്വർ (ചെറിയ പെരുന്നാൾ) ആഘോഷിക്കുകയാണ്. ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം റംസാൻ മാസം ഒരു പുണ്യമാസമെന്നതിലുപരിയായി അവന്റെഒരു പരിശീലനക്കളരി കൂടിയാണ്. വിശ്വാസി പകൽ സമയത്തു അന്ന പാനീയങ്ങളുപേക്ഷിച്ചു വ്രതമനുഷ്ഠിക്കുകയും രാത്രി കാലങ്ങളിൽ സൃഷ്ട്ടാവിനു മുമ്പിൽ ആരാധനകളിൽ മുഴുകുകയും ചെയ്യുന്നു. സാധാരണ മാസങ്ങളിൽ നിന്നും വ്യത്യസ്തനായി തെറ്റു കുറ്റങ്ങൾ ചെയ്യുന്നതിൽ നിന്നും പരമാവധി വിട്ടുനിൽക്കാൻ ശ്രമിക്കുന്നു.

ഏതായാലും വിശ്വാസി ഈ കളരിയിൽ വെച്ച് എണ്ണിയാലൊടുങ്ങാത്ത ഒരുപാട് കഴിവുകൾ ആർജ്ജിച്ചെടുക്കുന്നു. അങ്ങിനെ ആ വർഷത്തേക്കുള്ള അവന്റെ പരിശീലനം കഴിഞ്ഞു വിജയിയായി പുറത്തു കടക്കുന്നു . ആ വിശ്വാസിയുടെ വിജയാഘോഷമാണ് ചെറിയ പെരുന്നാൾ . ഈദ് അൽ ഫിത്വർ എന്നറിയപ്പെടുന്ന ചെറിയ പെരുന്നാൾ ലോകമെമ്പാടുമുള്ള മുസ്ലിംകൾ ആചരിക്കുന്ന ഒരു മഹത്തായ ആഘോഷമാണ്. പുണ്യ റമദാൻ മാസത്തെ പ്രാർത്ഥനകളുടെയും ഉപവാസത്തിന്റെയും വിശുദ്ധ കർമ്മങ്ങളുടെയും ശേഷം വരുന്ന ഈ ദിനം സന്തോഷത്തിന്റെയും സാഹോദര്യത്തിന്റെറെയും പൂക്കാലമായി മാറുന്നു. ഈ ആഘോഷ വേളകളിലും ലോകത്തിൻറെ വിവിധ ഭാഗങ്ങളിൽ നിരാലംബരായ സഹോദര സഹോദരിമാരെയും കുട്ടികളെയും നരാധമന്മാർ നിഷ്ക്കരുണം വംശീയമായി നശിപ്പിച്ചു കൊണ്ടിരിക്കുന്ന കാഴ്ചയാണ് കാണാൻ സാധിക്കുന്നത്. അവരും നമ്മളെ പോലെ ഈ സുദിനം ആഘോഷിക്കേണ്ടവരാണ് ഈ ദിനത്തിൽ നമ്മുടെ ആ പ്രിയപെട്ടവരെയും നമ്മുടെ പ്രാർത്ഥനകളിൽ ഉൾപ്പെടുത്താൻ മറക്കാതിരിക്കുക.

പെരുന്നാൾ ദിവസം മറ്റുള്ള ദിനങ്ങളിൽ നിന്നും വ്യത്യസ്തമായി കുടുംബാംഗങ്ങൾ ഒരുമിച്ചിരുന്നു സന്തോഷം പങ്കിടാനും പരസ്പരം സ്നേഹം പ്രകടിപ്പിക്കാനുമുള്ള അതുല്യ അവസരമാണ്. കുടുംബാംഗങ്ങളും സുഹൃത്തുക്കളും കൂടിച്ചേരുന്ന ഈ ഉത്സവം സൗഹൃദത്തിന്റെ അകമഴിഞ്ഞ പ്രകാശമാണ് പരത്തുന്നത്.

ഈ ആഘോഷത്തിൽ ദരിദ്രരെയും ദുരിതത്തിലിരിക്കുന്നവരെയും മറക്കാതിരിക്കുക എന്നതാണ് പെരുന്നാളിന്റെ മഹത്തായ സന്ദേശം. സാഹോദര്യത്തിൻറെയും ദാനധർമ്മത്തിന്റെയും സഹാനുഭൂതിയുടെയും ഈ തത്വം ലോകം മുഴുവൻ ഐക്യത്തിനും സമാധാനത്തിനും വഴി തെളിയിക്കട്ടെ..

ഈ ചെറിയ പെരുന്നാൾ നമുക്ക് എല്ലാവർക്കും സന്തോഷവും സമാധാനവും നിറഞ്ഞുനിൽക്കുന്ന ഒരു പുതിയ തുടക്കം കൊണ്ടുവരട്ടെ എന്ന പ്രാർത്ഥനയോടെ,

എല്ലാവർക്കും ഹൃദയംഗമമായ ഈദ് ആശംസകൾ നേരുന്നു.



കുട്ടികളുടെ സന്തോഷം: താൽക്കാലികമോ, ജീവിതശൈലിയോ ?

ഫൈസൽ ബാഹസ്സൻ

കുട്ടികളിലെ ദീനീബോധം ഇവയെല്ലാം എളുപ്പാക്കാനുള്ള ആത്യന്തികമായ ഘടകം കൂടിയാണ്, അതിന് നമ്മൾ കുട്ടികളെ പഠിപ്പിക്കേണ്ടത് ആദ്യം അതാണ്. കുട്ടികളെ സന്തോഷിപ്പിക്കാനുള്ള ശ്രമം സന്തോഷം ഉപഭോഗവസ്തുവാക്കി മാറ്റുന്നത് പോലെയാകരുത്. ദൈനംദിന ജീവിതത്തിൽ അവർക്കുള്ള സന്തോഷം കണ്ടെത്താനുള്ള കഴിവ് നല്കുക എന്നതാണ് നമ്മുടെ പ്രധാന ഉത്തരവാദിത്വം. അവർക്കൊപ്പം നിൽക്കുക, അവരുടെ ലോകം മനസ്സിലാക്കുക, അവർക്കായി ഒരു മാതൃകയാകുക.

കുട്ടികളുടെ സുരക്ഷ, വിദ്യാഭ്യാസം, ആരോഗ്യം എന്നിവ രക്ഷിതാക്കളുടെ പ്രധാന ഉത്തരവാദിത്വങ്ങൾ ആണെങ്കിലും, അവർക്കുള്ള സന്തോഷവും മാനസിക സമാധാനവും അതിന്റെ ഭാഗമായിരിക്കണം. പല രക്ഷിതാക്കളും മക്കളുടെ സന്തോഷം ഉറപ്പാക്കാൻ അവർക്കായി വിപുലമായ സമ്മാനങ്ങൾ വാങ്ങുകയും അവരുടെ ആഗ്രഹങ്ങൾ കൃത്യമായി നിറവേറ്റുകയും ചെയ്യുന്നു. എന്നാൽ, ഈ സമീപനം സന്തോഷം ഉപഭോഗവസ്തുവാക്കി മാറ്റുന്ന അപകടകരമായ വഴിയിലേക്കാണ് നയിക്കുന്നത്.

1. താൽക്കാലിക സന്തോഷത്തിന്റെ ലഹരി;

മിക്ക രക്ഷിതാക്കളും കുട്ടികളെ സന്തോഷിപ്പിക്കാൻ പുതിയതും മികച്ചതുമായ സമ്മാനങ്ങൾ നൽകുന്നു. ആദ്യമായ് ഒരു കളിപ്പാട്ടം കിട്ടുമ്പോൾ കുട്ടികൾ അതിന്റെ പുതുമയിലും കൗതുകത്തിലും സന്തോഷിക്കുന്നു. പക്ഷേ, കാലാകാലം ഈ ആവേശം കുറഞ്ഞ് പോകും. പിന്നീട്, കൂടുതൽ വലിയ സമ്മാനങ്ങളോ കൂടുതൽ ആവേശകരമായ കാര്യങ്ങളോ ആവശ്യമാകും. അവരിൽ ഒരു നിരന്തരമായ ആഗ്രഹം ഉണർത്തപ്പെടുന്നു, അതിനൊപ്പം ചുരുങ്ങിയ കാലയളവിൽ മാത്രം നിലനിൽക്കുന്ന സന്തോഷത്തിന്റെ ലഹരി.

ഇത് ഒരു തുടർച്ചയാവുമ്പോൾ, കുട്ടികൾക്ക് നിഗൂഢമായ ഉണർവുകൾ സൃഷ്ടിക്കാൻ മറ്റുള്ളവരുടെ സഹായം ആവശ്യമാകും. ഇവിടെ ബാഹ്യശക്തികൾ, മാഫിയകൾ തുടങ്ങിയവയുടെ അവസരം വർധിക്കും. കുട്ടികൾക്ക് സന്തോഷം ദീർഘകാലത്തേക്ക് നിലനിർത്താനുള്ള കഴിവില്ലാതാവും, കാരണം അവയെല്ലാം താൽക്കാലികമായും ഉപഭോഗാധിഷ്ഠിതമായും മാറിക്കഴിഞ്ഞിരിക്കും.

2. സ്വാഭാവിക സന്തോഷത്തിന്റെ പ്രാധാന്യം ;

കുട്ടികൾക്ക് സന്തോഷം ഒരു ഉപഭോഗ വസ്തുവല്ല, അവർക്കുള്ള ഒരു മനോഭാവമാണ് എന്ന് പഠിപ്പിക്കേണ്ടത് അനിവാര്യമാണ്.

- **അവർക്കുള്ള വിലപ്പെട്ട സമയം നൽകുക:** ഒരു നല്ല സംഭാഷണം, ഒരുമിച്ചുള്ള ഭക്ഷണം, കളികൾ ഇവയെല്ലാം കുട്ടികൾക്ക് സന്തോഷം നൽകും.
- **സ്വയം കണ്ടെത്താൻ പഠിപ്പിക്കുക:** കുട്ടികളെ സ്വയം പഠിക്കാൻ, തേടാൻ, പരീക്ഷിക്കാൻ പ്രോത്സാഹിപ്പിക്കുക.
- **വായനയുടെ പ്രാധാന്യം:** നല്ല പുസ്തകങ്ങൾ കുട്ടികളുടെ ചിന്താശക്തി വർദ്ധിപ്പിക്കുകയും അവരെ കൂടുതൽ ആത്മവിശ്വാസികൾ ആക്കുകയും ചെയ്യും.
- **പ്രകൃതിയുമായി ബന്ധപ്പെടുത്തുക:** പ്രകൃതിയോടൊപ്പം സമയം ചെലവഴിക്കുന്നത്, കൃഷിയിലും, പാചകത്തിലും, ശാരീരിക പ്രവർത്തനങ്ങളിലും ഏർപ്പെടുന്നത് അവർക്കുള്ള സന്തോഷം ദൈർഘ്യമേറിയതാക്കും.

3. മാതൃകയാകുക: മാതാപിതാക്കളുടെ പങ്ക്

കുട്ടികൾ നമ്മളിൽ നിന്ന് കാണുകയും പഠിക്കുകയും ചെയ്യുന്നു. അതിനാൽ, നമ്മൾ സന്തോഷം കണ്ടെത്തുന്ന വിധം അവർക്കും കാണിക്കേണ്ടതാണ്.

- പണവും പ്രശസ്തിയും അല്ല, തികച്ചും നന്മയുള്ള ജീവിതമാരഗമാണ് സന്തോഷം എന്ന സന്ദേശം നൽകുക.
- ചെറുതെങ്കിലും പ്രതിഫലമില്ലാത്ത സേവനങ്ങൾ ചെയ്യാനായി അവരെ പ്രേരിപ്പിക്കുക.
- അനുഭവങ്ങൾ കേന്ദ്രീകരിച്ച ജീവിതം കൈകാര്യം ചെയ്യുക: യാത്രകൾ, മനസ്സിന് ആശ്വാസം നൽകുന്ന പ്രവർത്തനങ്ങൾ, കുടുംബ സൗഹൃദങ്ങൾ എന്നിവ ഇവർക്കും മാതൃകയാകട്ടെ.

നിങ്ങൾ കരയാറുണ്ടോ?

ابن اشرف



"അയ്യേ.. ആൺകുട്ടികൾ കരയുകയോ?
മോശം.. മോശം..
പെൺകുട്ടികളല്ലേ
കരയുക?"

കരയുന്ന
ആൺകുട്ടികളോട്
ഒരിക്കലെങ്കിലും ഇങ്ങനെ
പറയാത്ത രക്ഷിതാക്കൾ
ഉണ്ടാകുമെന്നു തോന്നുന്നില്ല.
അതെന്താ ആൺകുട്ടികൾ
കരഞ്ഞാൽ? കരച്ചിൽ എന്നു
മുതലാണു പെൺകുട്ടികൾക്കു മാത്രമായി
സംവരണം ചെയ്യപ്പെട്ടത്?

ആൺകുട്ടികൾക്കു കരച്ചിൽ വിലക്കിക്കൊണ്ടുള്ള നമ്മുടെ ഈ ഉപദേശമാണെന്നു തോന്നുന്നു പിന്നീട് അവരെ വലിയ മാനസിക സമ്മർദ്ദങ്ങളിലേക്കു തള്ളി വിടുന്നത്. കാരണം മനസ്സിന്റെ നിർമ്മലതയ്ക്ക് ഏറ്റവും അനിവാര്യമായ ഒരു സംഗതിയിൽ നിന്നാണു നാം അവരെ വിലക്കുന്നത്.

കരച്ചിൽ ആണത്തത്തിന്നു ചേർന്നതല്ലെന്ന് അവരുടെ ഉപബോധമനസ്സിൽ ഉറച്ചു പോയാൽ അവർ കണ്ണീർ തടഞ്ഞു നിർത്തും. എന്തു സങ്കടം വന്നാലും കരയില്ല, ഫലമോ? മനസ്സു നീറിക്കഴിയേണ്ടി വരും.

ഒന്നു പൊട്ടിക്കരഞ്ഞാൽ തീരുന്ന പ്രശ്നമേ ഉണ്ടാകൂ.. അതിന്ന് അനുവദിക്കാതെ മനസ്സിന്നു കൂടുതൽ സമ്മർദ്ദം നല്കുമ്പോൾ അതു മറ്റു പല ശാരീരിക- മാനസിക പ്രശ്നങ്ങൾക്കും കാരണമായി ഭവിക്കും.

കരച്ചിൽ വലിയൊരു സിദ്ധൗഷധമാണ്. അതെങ്ങനെ ഫലിക്കുന്നു എന്നതു കരഞ്ഞവന്നു മാത്രമേ അറിയൂ. മനസ്സിനെ വല്ലാതെ ഉലയ്ക്കുന്ന ഒരു സങ്കടം വരുമ്പോൾ ഒന്നു നന്നായിക്കരഞ്ഞു നോക്കൂ, നല്ല ആശ്വാസം കൈവരുന്നത് അനുഭവിച്ചറിയാം.

ഇരിക്കട്ടെ, കരച്ചിലിന്നു സ്ത്രീസംവരണം ഏർപ്പെടുത്തിയത് ആരായിരിക്കും? അറിയില്ല. ഒന്നറിയാം, മനുഷ്യരുടെ കൂട്ടത്തിൽ ആദ്യമായി കരഞ്ഞതു മനുഷ്യപിതാവായ ആദംനബി അലൈഹിസ്സലാമാണ്. പെണ്ണിന്നു മുന്നേ ആൺജാതി കരയാൻ തുടങ്ങിയിട്ടുണ്ടെന്നർത്ഥം. സ്വർഗീയാനുഗ്രഹങ്ങൾ നഷ്ടപ്പെട്ട ആദംനബി ഇരുന്നൂറു കൊല്ലക്കാലമാണത്രേ കരഞ്ഞു കണ്ണീരൊലിപ്പിച്ചത്.

ഭൂമിയിലെ മുഴുവൻ പടപ്പുകളുടെ കണ്ണീരും ദാവൂദുനബി അലൈഹിസ്സലാമിന്റെ കണ്ണീരും തുലനം ചെയ്താൽ ദാവൂദുനബിയുടെ കണ്ണുനീരായിരിക്കും കൂടുതൽ. അതേ സമയം ഭൂമിയിലെ സകലരുടെയും ദാവൂദുനബിയുടെയും കണ്ണുനീർ ചേർത്ത് ആദംനബിയുടെ കണ്ണീരോടു തുലനം ചെയ്താൽ ആദംനബിയുടെ കണ്ണീരായിരിക്കുമത്രേ കൂടുതൽ. അത്ര പെരുത്തു നമ്മുടെ പൂർവപിതാവു കരഞ്ഞിട്ടുണ്ടെന്നു ചുരുക്കം.

Page 2

RSK INSIGHT Family Magazine

Issue #5 Page 02/03 30/03/2025

നോമ്പോർമ്മകൾ

അബ്ദുറഹ്മാൻ ജിഫ്രി



കുട്ടിക്കാലത്തെ നോമ്പ് കാലവും പെരുന്നാളുമൊക്കെ ഒരുപാട് ഗൃഹാതുരത്വം തുളുമ്പുന്നവ യാണ്. ബാല്യകാലം കൊയിലാണ്ടി പന്തലായിനിയിൽ ആയിരുന്നത് കൊണ്ട് ആ കാലമാണ് ഓർത്തെടു ക്കാൻ ശ്രമിക്കുന്നത്..

എന്റെ അനുഭവത്തിലെ ഏറ്റവും മധുരതരമായ നോമ്പുകാലം അതാണെന്ന് തോന്നുന്നു. വീടുകളും പള്ളികളും വ്യക്തികളും തന്നെ ഇത്ര അധികം മുന്നൊരുക്കം നടത്തുന്ന ഒരു സമയം വേറെ ഇല്ല തന്നെ. നോമ്പിന് മാസങ്ങൾക്ക് മുമ്പേ ഒരുക്കങ്ങൾ തുടങ്ങുന്നു.

തറവാട് വീട്ടിലെ പടാപ്പുറം (മുല്ലാപ്പുറം) ത്തിനോട് ചേർന്ന തളത്തിൽ കടപ്പുറത്ത് നിന്നും വെളുത്ത പൂഴി കൊണ്ടുവന്നു നിറക്കുന്ന ജോലിയാണ് കുട്ടികളായ ഞങ്ങളുടെ ഒരു ദൗത്യം.. കിട്ടിയ പാത്രങ്ങളിലും സഞ്ചികളിലുമൊക്കെ ആയി പൂഴി കൊണ്ട് വന്ന് കള്ളിയിൽ നിറച്ചുവെക്കും..നോമ്പ് തുടങ്ങി കഴിഞ്ഞാൽ അവിടെ ഇരുന്നു ഖുർആൻ ഓതുകയും ചെറിയ വിനോദങ്ങളിൽ ഏർപ്പെടുകയും ചെയ്യും.

വീട്ടിലെ പെണ്ണുങ്ങൾക്കാണ് നോമ്പ് കാലമാവുമ്പോൾ ജോലിഭാരം കൂടുന്നത്.. എന്നാലും കുറേ അംഗങ്ങൾ ഉള്ളതിനാൽ എല്ലാവരും ഒരുമിച്ച് ജോലികൾ എളുപ്പം ചെയ്ത് തീർക്കുന്നു..

അതിൽ പ്രാനപ്പെട്ടതാണ് വീട് കഴുകുന്ന 'നനച്ചു കുളി' (ഇതിന്റെ അർത്ഥം ഇന്നും എനിക്ക് പിടികിട്ടിയിട്ടില്ല, നനയാതെ എങ്ങനെ കുളിക്കാൻ പറ്റും) വീടിന്റെ നിലമൊക്കെ നല്ലവണ്ണം ഉരച്ച് കഴുകി വൃത്തിയാക്കുന്നു. മുസല്ലയും പായകളും നിസ്കാര കുപ്പായങ്ങളുമൊക്കെ പ്രത്യേകം കഴുകി വെക്കുന്നു.

നോമ്പ് കാലം തുടങ്ങും മുമ്പേ മുസ്ഹഫുകൾ ബൈൻഡ് ചെയ്യുന്ന മൊല്ലാക്ക കയ്യിൽ ഒരു പെട്ടിയും തൂക്കി വരും.. ചട്ട ഇളകിയ മുസ്ഹഫുകളും കിതാബുകളുമൊക്കെ തുന്നിയും വർണ്ണകടലാസ് കൊണ്ട് ഒട്ടിച്ചും അയാൾ നന്നാക്കി തരും. ബെയിന്റിംഗ് കഴിഞ്ഞ് ബാക്കിയുള്ള വർണ്ണ കടലാസ് കൊണ്ട് ഞങ്ങൾക്ക് പങ്കയും, പട്ടവും, വിമാനവുമൊക്കെ അയാൾ ഉണ്ടാക്കി തരും. ഞങ്ങൾ കുട്ടികൾ കാത്തിരിക്കുന്നതും അതിനുവേണ്ടി തന്നെ.

വീട്ടിൽ നോമ്പിന് മുമ്പ് തന്നെ ഒരുമാസത്തേക്കുള്ള അരിയും പൊടികളും മറ്റും മൊത്തമായി വാങ്ങി സ്റ്റോക്ക് ചെയ്തിട്ടുണ്ടാവും. ഇതിന്റെ ഒക്കെ കാർമ്മികത്വം വഹിക്കുന്നത് ഉമ്മാമ്മയും മൂത്തമ്മയും ആണ്. നോമ്പ് തുറക്കാൻ ഉണ്ടാക്കേണ്ട ഭക്ഷണങ്ങൾ തയ്യാറാക്കാൻ നേതൃത്വം കൊടുക്കുന്നതും ഇവർ തന്നെ. എല്ലാം വളരെ നല്ല രീതിയിൽ തന്നെ ഇവർ കൈകാര്യം ചെയ്യുന്നു. അണുകുടുംബങ്ങളിൽ പോലും അസ്വാരസ്യങ്ങൾ ഉണ്ടാവുന്ന ഈ കാലത്ത് ഇത്രയും വലിയൊരു കുടുംബവും തറവാട് വീടും വലിയ പ്രശ്നങ്ങൾ ഒന്നും ഇല്ലാതെ കൈകാര്യം ചെയ്തിരുന്ന അവരുടെ കഴിവിനെ ഓർത്ത് ഇന്നും അൽഭുതം തോന്നാറുണ്ട്.

നന്നേ ചെറിയ കുട്ടികൾക്ക് നോമ്പ് വെള്ളിയാഴ്ച പോലെ ഉള്ള പ്രത്യേക ദിവസങ്ങളിൽ മാത്രമാണ്.. കുട്ടികൾ പരസ്പരം നോമ്പുണ്ടോ എന്ന് തിരക്കും, ഉണ്ടെന്ന് പറഞ്ഞാൽ എത്രാമത്തെ എന്നായി അടുത്ത ചോദ്യം, വായിൽത്തെയും കൂട്ടി ഇത്രാമത്തെ എന്നായിരിക്കും മിക്കവാറും മറുപടി.. (അതെന്താ നോമ്പ് വായിലാണോ.?)

8-10 വയസ്സ് ആവുമ്പോഴേക്കും കുട്ടികൾ എടുക്കുന്ന നോമ്പിന്റെ എണ്ണത്തിന്റെ കാര്യത്തിൽ മത്സരിക്കാൻ തുടങ്ങും. വികൃതി കാണിച്ചാൽ ശിക്ഷ കിട്ടിയിരുന്ന പണ്ടുകാലത്ത് കുറച്ചൊക്കെ ശിക്ഷാ ഇളവ് കിട്ടിയിരുന്നതും നോമ്പ് കാലത്താണ്. അത്പോലെ ഇടക്ക് ക്ലാസ്സിൽ പോക്ക് മുടങ്ങിയാലും വലിയ ശിക്ഷകൾ ഒന്നുമില്ല. അവന്/അവൾക്ക് നോമ്പല്ലേ എന്ന സാന്ത്വനത്തിൽ ആശ്വാസം കൊള്ളുകയും മറഞ്ഞിരിക്കുകയും ചെയ്യാം..

കുട്ടിക്കാലത്തെ നോമ്പിന്റെ ദൈർഘ്യം വളരെ കൂടുതൽ ആയിട്ടാണ് ഞങ്ങൾക്ക് അനുഭവപ്പെട്ടിരുന്നത്.. അത്കൊണ്ട് തന്നെ സമയം കൊല്ലികളായ ചെറിയ കളികളിലും വിനോദങ്ങളിലും ഞങ്ങൾ മുഴുകുമായിരുന്നു.

ളുഹ്റിന് വലിയകത്ത് പള്ളിയിൽ പോയിക്കഴിഞ്ഞാൽ നിസ്കാരവും ഓത്തും വിശ്രമം ഒക്കെയായി അസർ നിസ്കാരം വരെ പള്ളിയിൽ ചിലവഴിക്കും..

Page 3

നിങ്ങൾ കരയാറുണ്ടോ

അവിടുത്തെ നല്ലപാതിയായ ഹവ്വാബീവി റളിയല്ലാഹു അൻഹയും കണവനോടൊപ്പം കരഞ്ഞിട്ടുണ്ട്. അതായതു കരയാൻ ആണിന്നും പെണ്ണിന്നും പാരമ്പര്യമുണ്ടെന്നർത്ഥം.

എല്ലാ കരച്ചിലും ആശാസ്യമാണോ? ഇതിന്ന് ഉത്തരം കിട്ടണമെങ്കിൽ കരച്ചിൽ എത്ര വിധ-മുണ്ടെന്നു നാം മനസ്സിലാക്കണം. പ്രധാനമായും പത്തിനം കരച്ചിലുകളുണ്ട്. അവയെ ഇങ്ങനെ സംഗ്രഹിക്കാം:-

1 : അനുകമ്പക്കരച്ചിൽ

അപരനോടുള്ള ദയാവായ്പ്പിൽ നിന്നുണ്ടാകുന്നതാണിത്.

2 : പേടിക്കരച്ചിൽ

വരാനിരിക്കുന്ന എന്തിനെയോക്കുറിച്ചോർത്തുള്ള ഭയത്തിൽ നിന്നുളവാകുന്നതാണിത്.

3 : സ്നേഹക്കരച്ചിൽ

മറ്റൊരാളോടുള്ള സ്നേഹത്തിന്റെ പാരമ്യത്തിൽ സംഭവിക്കുന്നതാണിത്. നബി(സ്വല്ലല്ലാ-ഹു അലൈഹി വഅലാ ആലിഹി വസല്ലം)തങ്ങളെക്കുറിച്ചു പറയുമ്പോൾ ചിലർക്കു കരച്ചിൽ വരാറില്ലേ? ഈ ഗണത്തിൽ പെടുന്ന കരച്ചിലിനൊരു മികച്ച ഉദാഹരണമാണത്.

4 : ആനന്ദക്കരച്ചിൽ

ഇതിനെക്കുറിച്ചു പറയേണ്ടതില്ല, നമ്മിൽ പലരും അനുഭവിച്ചിട്ടുള്ളതായിരിക്കും.

5 : വേദനക്കരച്ചിൽ

രോഗം കൊണ്ടോ മുറിവു കൊണ്ടോ ഉണ്ടാകുന്ന വേദന സഹിക്കാൻ കഴിയാതെ വരുമ്പോഴുണ്ടാകുന്നതാണിത്.

6 : സങ്കടക്കരച്ചിൽ

നഷ്ടങ്ങളെക്കുറിച്ചോർത്തുള്ള കരച്ചിലാണിത്.

7 : നിരാലംബക്കരച്ചിൽ

നിസ്സഹായത, ബലഹീനത തുടങ്ങിയ വികാരങ്ങളിൽ നിന്നു ജനിക്കുന്നതാണിത്.

8 : കള്ളക്കരച്ചിൽ

ഇതിനെക്കുറിച്ച് എന്തു പറയാൻ? നമ്മെക്കാൾ ഇക്കരച്ചിൽ അറിയുന്നവർ മറ്റാരാണ്?

9 : കൂലിക്കരച്ചിൽ

ഇതു കാണാൻ തൊട്ടടുത്ത തമിഴ് നാട്ടിലേക്കു പോകേണ്ടി വരും. ആരെങ്കിലും മരിച്ചാൽ, കാശു മേടിച്ചു വന്നു കരഞ്ഞു കൊടുക്കുന്നവർ അവിടത്തെ സ്ഥിരം കാഴ്ചയാണ്.

10 : ഐക്യദാർഢ്യക്കരച്ചിൽ

മറ്റൊരാൾ കരയുന്നതു കാണുമ്പോൾ നമുക്കും ചിലപ്പോൾ കരച്ചിൽ വരാറില്ലേ? അയാൾ കരയുന്നതിന്റെ കാരണം പോലും ചിലപ്പോൾ നാം അറിഞ്ഞെന്നു വരില്ല, എന്നാലും വരും കരച്ചിൽ. അതാണിപ്പറഞ്ഞത്.

ഇപ്പറഞ്ഞ ഓരോ കരച്ചിലും വിശദീകരണമെങ്കിൽ പെരുത്തെഴുതേണ്ടി വരും. അതിനി-പ്പോൾ മുതിരുന്നില്ല. ഓരോന്നിന്റെയും പേരു കൊണ്ടു തന്നെ ഒരേകദേശ രൂപം പിടുത്തം കിട്ടുമെന്നു പ്രതീക്ഷിക്കുന്നു.

ഈ വിവരിച്ച കരച്ചിലുകളിൽ ഏതാണ് ഏറ്റവും ഉത്തമം…..?!

عيد المؤمنين



മുഅ്മിനിന്റെ ഉത്സവവും ഉല്ലാസവുമായ ചെറിയ പെരുന്നാൾ (ഈദ് അൽ-ഫിത്ർ) സമാഗതമായിരിക്കുന്നു . കഴിഞ്ഞ ദിനരാത്രങ്ങളിലെ ഉപവാസം, പ്രാർത്ഥന, ദാനധർമം എന്നിവയിലൂടെ കൈവരിച്ചെടുത്ത ആത്മീയ ഉന്നതത്വത്തെ അനുഭവിക്കുന്ന മുസ്ലിമിന് ഇതൊരു മഹോത്സവം തന്നെയാണ്.

നാഥൻ വരദാനമായി നൽകിയ ചുറ്റുപാടുകളുടെ പൂക്കാലത്ത് അവന്റെ കാരുണ്യവും, പാപമോചനവും, നരകമോചനവും കാംക്ഷിച്ച് മൃദുലമായ തപോനിഷ്ഠയോടുകൂടെ നാഥന്റെ മുന്നിലേക്ക് സർവ്വം സമർപ്പിച്ച മുഅ്മിനിനെ സംബന്ധിച്ചിടത്തോളം അവൻ പതുങ്ങിനെ പോലെ പ്രസരിക്കുന്നവനാണ്.

ലഹരിയാൽ അധർമ്മത്തെ ലഹരിയാക്കി അന്ധകാരത്തെയും അക്രമത്തെയും സ്വീകരിച്ച സമൂഹത്തിൽ ഭിശയറിയാതെ ഇരുളുകളിൽ നട്ടം തിരിയുന്നവന്റെ മുന്നിലേക്കാണ് റമദാൻ വെളിച്ചമായി അവതരിച്ചത്.

പാപക്കൂമ്പാരങ്ങളിൽ നിന്നും മാലിന്യങ്ങളിൽ നിന്നും ദേഹത്തെയും ദേഹിയെയും പട്ടിണികിടത്തി ക്രമം പഠിപ്പിച്ച്, സ്വതുടം ചെയ്തെടുത്ത ആത്മീയതയുടെ മാധുര്യം നുകർന്ന മുഅ്മിനിന് ചെറിയ പെരുന്നാൾ ഉത്സാഹവും ഉന്മേഷവും നൽകുന്ന മഹോത്സവം തന്നെയാണ്.

നാഥന്റെ കരുണാകടാക്ഷത്തിലേക്ക് വിലയം പ്രാപിക്കാൻ ഇതിലൂടെ നമുക്ക് കഴിയട്ടെ..ആമീൻ

ഏവർക്കും ഈദുൽ ഫിത്ർ ആശംസകൾ ...

Sayed Idhirees

RSK INSIGHT Family Magazine

Issue #5 Page 03/03 30/03/2025

നോമ്പോർമ്മകൾ

അസ്ർ കഴിഞ്ഞാൽ ഇടക്ക് കടൽ തീരത്തുകൂടെ കൊല്ലം പാറപ്പള്ളിയിലേക്ക് ഒരു യാത്രയുണ്ട് ഞങ്ങൾക്ക്.. ഏകദേശം രണ്ട് കിലോമീറ്ററോളം നടന്ന് അവിടെ പാറപ്പുറത്ത് ഒക്കെ കേറി ചുറ്റിത്തിരിഞ്ഞ് മഗ്രിബ് ആവുമ്പോഴേക്കും വീട്ടിൽ തിരിച്ചെത്തും. (പാറപ്പള്ളിയിലെ 'അവുലിയാ' വെള്ളം കുടിച്ചാൽ നോമ്പ് മുറിയില്ല എന്നും പറഞ്ഞ് പാറകളുടെ ഉള്ളിൽ നിന്നും ഉള്ള ഉപ്പു കലരാത്ത ശുദ്ധ ജലം കുടിച്ച് വരുന്ന നോമ്പുകാരും ഞങ്ങളുടെ കൂട്ടത്തിൽ ഉണ്ടായിരുന്നു.. പേരുകളൊന്നും പറയുന്നില്ല..)

മഗ്രിബ് സമയത്ത് വീട്ടിൽ എത്തുമ്പോഴേക്കും പൊരിക്കടികളുടേയും ജീരക കഞ്ഞിയുടെയും ഒക്കെ ഗന്ധം കൊണ്ട് വീടും പരിസരവും നിറഞ്ഞിട്ടുണ്ടാവും.. അടുക്കളയിൽ ചെന്ന് നോക്കിയാൽ നിരവധി തൈകിച്ചികളിൽ (ചെറിയ പ്ലേറ്റ്) വിഭവങ്ങൾ നിരന്നിട്ടുണ്ടാവും. അതിൻറെയും കാർമ്മികത്വം മൂത്തമ്മാക്ക് തന്നെ. മൂത്തമ്മയുടെ കണ്ണു തെറ്റിയാൽ പൊരിക്കടി അടിച്ചു മാറ്റുന്ന ഒരു വിരുതനും ഞങ്ങളുടെ കൂട്ടത്തിൽ ഉണ്ടായിരുന്നു..(അതും പേര് പറയുന്നില്ല)



നോമ്പ് തുറന്ന് പള്ളിയിൽ പോയി തിരിച്ചു വരുമ്പോഴേക്കും മഖാം പരിസരത്ത് ചെറിയ മണ്ണെണ്ണ വിളക്കിന്റെയും മെഴുകുതിരിയുടെയും വെട്ടത്തിൽ കുട്ടികളുടെ കുഞ്ഞു പെട്ടിക്കടകൾ സജീവമായിട്ടുണ്ടാവും. അവിടെ മിഠായികളും പേരക്കയും വത്തക്കയും നാരങ്ങയുമൊക്കെ ഉണ്ടാവും.. പിന്നെ പാവങ്ങളുടെ ആപ്പിളായ ശബർജലും കൂടാതെ ജാക് പോട്ട് നറുക്കെടുപ്പും. കുട്ടികളുടെ കലപില ശബ്ദം കൊണ്ട് ഇഷാ ബാങ്ക് വരെ ആ പരിസരം ശബ്ദ മുഖരിതം ആയിരിക്കും..

(അത്യാവശ്യക്കാർക്ക് 'ചക്കര പുകയില' ബീഡിയും ഈ കുഞ്ഞുകടയിൽ കിട്ടും, പുകവലി ഹറാം ആണെങ്കിലും നോമ്പിന് ചക്കര പുകയില ബീഡി 'ഹലാൽ' ആണെന്നാണ് വെപ്പ്.)

ഇഷാ ബാങ്കോടെ കച്ചവടം ഒക്കെ നിർത്തും. ശേഷം വീട്ടിൽ പോയിട്ടാണ് വലിയ നോമ്പ് തുറ.. ജീരക കഞ്ഞിയും അരിപ്പത്തിരിയും ഗോതമ്പ് പത്തിരിയും കപ്പ കറിയും മീൻ മുളകിട്ടതും ഒക്കെ കൂടി ഒരു ഒന്ന് ഒന്നര തുറയായിരിക്കും അത്.. എല്ലാം കൂടെ അകത്താക്കുമ്പോഴേക്കും ഒരു പരുവം ആയിട്ടുണ്ടാവും.

വയർ നിറയെ ഭക്ഷണം കഴിച്ചതിന്റെ ആലസ്യം വിട്ടുമാറുമ്പോഴേക്കും തറാവീഹ് നിസ്കാരത്തിന്റെ സമയം ആയിട്ടുണ്ടാവും... വീണ്ടും പള്ളിയിലേക്ക്.. ഇഷായും തറാവീഹും ഹദ്ദാദ് ഒക്കെ കഴിയുമ്പോഴേക്ക് പത്ത് മണിയും കഴിഞ്ഞിട്ടുണ്ടാവും. ഹദ്ദാദ് ഓത്തിനിടയിൽ മുക്രി വിതരണം ചെയ്യുന്ന ചുക്ക് കാവയുടെ ചൂരും ചൂടും ഇന്നും മറന്നിട്ടില്ല..

തറാവീഹ് നിസ്കാരം കഴിഞ്ഞ് പുരയിൽ എത്തുമ്പോഴേക്കും നേരത്തെ കഴിച്ചതൊക്കെ ദഹിച്ചിട്ടുണ്ടാവും. അപ്പോഴാണ് തരിക്കഞ്ഞിയുടെയും, നേരത്തെ ബാക്കിയുള്ള പൊരിക്കടികളുടെയും രൂപത്തിൽ 'മുത്താഴം' വരുന്നത്. പിന്നെ അതും കൂടെ അകത്താക്കിയാണ് ഉറങ്ങാൻ പോവുക.

അടുത്ത സീനാണ് അതിലും രസം.. മുത്താഴം കഴിഞ്ഞ് ഗാഢ നിദ്രയിൽ ആണ്ട ഞങ്ങളെ 4 മണിക്ക് അത്താഴത്തിന് വിളിച്ച് എഴുന്നേൽപ്പിക്കും. കുറച്ച് നേരം മടി പിടിച്ചു കിടന്ന് പിന്നെ എങ്ങനെയോ എഴുന്നേൽക്കും..

നേരെ പോയി മുഖവും കയ്യും കഴുകി നേരെ തീൻ മേശയിലേക്ക്..

ഉറക്കച്ചടവിൽ തീരെ താല്പര്യം ഇല്ലാതെ കഴിച്ചു തുടങ്ങുന്ന ചോറും മീൻ കറിയും തക്കാളി മുളകിട്ടതും കൂടെ മാസ്സ് മീൻ ചമ്മന്തിയും, പപ്പടവും കത്തിക്കേറി വയർ നിറയെ കഴിക്കുന്നു..



ചക്കവിളഞ്ഞീനും മൈലാഞ്ചിയും


പെരുന്നാൾ ദാ ഇങ്ങെത്തി. മൈലാഞ്ചിയിടാൻ ഇത്തിരി ചക്കവിളഞ്ഞീനം (അരക്ക്, ചക്കച്ചുള) സംഘടിപ്പിക്കണ്ടെ? മൈദ മൈലാഞ്ചി, കോൺ മൈലാഞ്ചി, പഞ്ചസാര മൈലാഞ്ചി, യൂക്കാലിപ്സ് മൈലാഞ്ചി എന്നൊക്കെ കേട്ടിട്ടുണ്ടെങ്കിലും ചക്കവിളഞ്ഞീനം കൊണ്ടൊരു മൈലാഞ്ചി എന്നു കേട്ടിട്ടുണ്ടോ? ഉണ്ട്, പഴയ തലമുറ കേട്ടിട്ടുണ്ട്. ചക്കമണമുള്ള ആ മൈലാഞ്ചിയോർമകൾ അവർക്കു പറഞ്ഞാലും പറഞ്ഞാലും തീർന്നൊന്നും വരില്ല. വടക്കൻ കേരളത്തിലെല്ലാം വിളഞ്ഞീനം മൈലാഞ്ചി സുലഭമായിരുന്നു. കൈവെള്ളയിലെ പതിവു പരുത്തിരിവട്ടത്തിന് ഭംഗി പോരെന്നു തോന്നിയപ്പോഴാകണം ഈർക്കിൽ ഉപയോഗിച്ച് പൂവും ഇലയും ചെറിയ കുരുത്തുകളും കള്ളികളുമെല്ലാം വരച്ചു തുടങ്ങിയത്. ഈർക്കിൽ ഉപയോഗിച്ച് വരയ്ക്കുമ്പോൾ ശ്രദ്ധ തെറ്റിയാൽ അതു കയ്യിൽ പടരും. ചുവപ്പ് പടർന്ന കയ്യിൽ പിന്നൊന്നു ഡിസൈൻ! ഈ പ്രശ്നങ്ങൾക്കുള്ള പരിഹാരമായാണ് വിളഞ്ഞീനം മൈലാഞ്ചി വരുന്നത്. ചക്കയുടെ വിളഞ്ഞീനം കൂനിൽ (കൂത്തെയിൽ) നിന്നു നന്നായി ചുരണ്ടി എടുക്കണം. എന്നിട്ട് അടികട്ടിയുള്ള പാത്രത്തിൽ വച്ച് ചൂടാക്കണം. വിളഞ്ഞീനത്തിന് നിറമാറ്റം (ചെറിയ കറുപ്പ്) വരുന്നതുവരെ ചൂടാക്കും. ചെറു ചൂടോടെ ഉപയോഗിക്കാം. ചക്കവിളഞ്ഞീനം ശേഖരിക്കുമ്പോഴുള്ള ബുദ്ധിമുട്ടൊന്നും ചൂടാക്കി കഴിഞ്ഞാലുണ്ടാവില്ല. അത് ഏതു രൂപത്തിലേക്കും മാറ്റിയെടുക്കാം. എന്നിട്ട് ചെറുചൂടോടെ കയ്യിലേക്ക് വയ്ക്കാം. ആ ഡിസൈനിനു ചുറ്റും മൈലാഞ്ചി വരയ്ക്കാം. ഇത്തിരി കാലം മുൻപ് വരെ ഉപയോഗിച്ചിരുന്ന മൈലാഞ്ചി അച്ചിലല്ലേ? അതിന്റെ തന്നെ ധർമം! വിളഞ്ഞീനം കയ്യിൽ നിന്ന് എടുത്തുമാറ്റാനും എളുപ്പമാണ്. മൈലാഞ്ചിയുടെ തണുപ്പും വിളഞ്ഞീനിന്റെ ചൂടും ചേരുന്ന ഒരു സുഖകരമായ നീറ്റലുണ്ട്. വിളഞ്ഞീനും മൈലാഞ്ചിയും ഉണങ്ങിയ ശേഷം അൽപം വെളിച്ചെണ്ണകൂടി പുരട്ടുമ്പോൾ കയ്യിൽ നിന്നു വരുന്ന വല്ലാത്തൊരു മണവുമുണ്ട്. അതിനൊപ്പം കേട്ട കഥകളും മണങ്ങളും രുചികളും ചേർന്ന മൈലാഞ്ചിയോർമകളും. ... ന്നാലും വല്ലാത്തൊരു ടെക്നിക്കല്ലേ?

ശേഷം കട്ടൻ ചായയും അതിന് എന്തേലും കടികൾ വേറെയും.. സുബ്ഹാനല്ലാഹ്

പിന്നെ സുബ്ഹി ബാങ്ക് കൊടുക്കുന്നതിന് തൊട്ടു മുമ്പ് വരെ വെള്ളം കുടിച്ചു കൊണ്ടിരിക്കും..

ബാങ്കിന് കുറച്ച് മുമ്പ് തന്നെ കാതിബ് അഹമ്മദ്കയുടെ ശ്രവണ സുന്ദരമായ തർഹീൽ ആലാപനം പള്ളിയിൽ നിന്നും കേൾക്കാം.. തുടർന്ന് ബാങ്ക് കൊടുക്കുമ്പോഴേക്ക് ഞങ്ങൾ എല്ലാം വീണ്ടും പാതി മയക്കത്തിലേക്ക് വഴുതി വീണിരിക്കും.

(കുട്ടികളുടെ കാഴ്ചപ്പാടിലൂടെ ആണ് ആലേഖനം ഉദ്ദേശിച്ചത്. നോമ്പിന്റെ ആത്മീയമായ വശം ഇവിടെ പരിഗണിച്ചിട്ടില്ല.)



Published by: RSK INSIGHT Magazine sub committee | *Design/Lay-out & Edited by:* Shihab Thangal | *Proof Reading & Review:* Sayyid Abdul Rahman Jifry | *Technical Support:* Syed JafarThangal